ഉത്തരം

(എ) ഉണ്ട്.

(ബി) 2005 ജനുവരി മുതൽ.

(സി) 20637 ലിറ്റർ ഡീസൽ 30-6-2005 വരെ കൊടുത്തിട്ടുണ്ട്.

(ഡി) ഇതിന്റെ വില 5,94,345 രൂപ (അഞ്ചു ലക്ഷത്തി തൊണ്ണൂറ്റി നാലായിരത്തി മുന്നൂറ്റി നാല്പത്തി അഞ്ച് രൂപ) വരും. ഇതുവരെ തുക യൊന്നും ലഭിച്ചില്ല.

(ഇ) ഇതുവരെ തുകയൊന്നുംതന്നെ ലഭിച്ചിട്ടില്ല. ഇത് ലഭ്യമാക്കാനുള്ള നടപടികൾ എടുത്തുവരുന്നു.

റാന്നിയിൽ ഒരു ജോയിന്റ് ആർ.ടി.ഒ. ആഫീസ് അനുവദിക്കാൻ നടപടി

95 [2964] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജോയിന്റ് ആർ.ടി.ഒ. ആഫീസ് ഇല്ലാത്ത കേരളത്തിലെ ഏക താലൂക്ക് ആസ്ഥാനം റാന്നിയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ശബരിമല ഉൾപ്പെടുന്ന ഇവിടെ ആർ.ടി.ഒ. ആഫീസ് ഇല്ലാത്തതിനാൽ നാട്ടുകാർക്കും തീർത്ഥാടകർക്കും നേരിടേണ്ടിവരുന്ന കഷ്ടപ്പാടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) റാന്നിയിൽ ഒരു ജോയിന്റ് ആർ.ടി.ഒ. ആഫീസ് അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) റാന്നിയുൾപ്പെടെ പല താലൂക്കാസ്ഥാനങ്ങളിലും ജോയിന്റ് ആർ.ടി.ഒ. ആഫീസുകൾ ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ജോയിന്റ് ആർ.ടി.ഒ. ആഫീസുകൾ ഇല്ലാത്ത താലൂക്കുകളിൽ ജോയിന്റ് ആർ.ടി.ഒ. ആഫീസുകൾ തുടങ്ങുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ട്.

കമ്പ്യൂട്ടർ വൽകൃത വാഹന പരിശോധന കേന്ദ്രങ്ങൾ

96 [2965] ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:
,, എം. മുരളി:
പ്രൊഫ. കെ. വി. തോമസ്:
ശ്രീ. വി. ഡി. സതീശൻ:
,, വർക്കല കഹാർ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കമ്പ്യൂട്ടർ വൽകൃത വാഹന പരിശോധന കേന്ദ്രങ്ങൾ ആരംഭിക്കുവാൻ ഉദ്ദേശ്യമുണ്ടോ; എങ്കിൽ എവിടെയെല്ലാമെന്ന് പറയുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ഉദ്ദേശ്യമുണ്ട്. ആദ്യത്തേത് കോഴിക്കോടാണ് ആരംഭിക്കുന്നത്. സ്മാർട്ട് ഒപ്റ്റിക്കൽ കാർഡ് സപ്ലൈ ചെയ്യുന്നതിനുള്ള ടെണ്ടർ

97 [2966] ശ്രീ. വർക്കല കഹാർ:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. സി. പി. മുഹമ്മദ്:
,, കെ. സുധാകരൻ:
,, ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗതാഗത വകുപ്പിന് സ്മാർട്ട് ഒപ്റ്റിക്കൽ കാർഡ് സപ്ലൈ ചെയ്യുന്നതിന് വേണ്ടിയുള്ള ടെണ്ടറിൽ എന്തെല്ലാം നിബന്ധനകളാണ് വെച്ചിരുന്നത്;

(ബി) പ്രസ്തുത കാർഡ് സപ്ലൈ ചെയ്യുന്നതിനുള്ള ടെണ്ടർ എത്ര പേരിൽനിന്ന് കിട്ടി;

(സി) ആരിൽനിന്നെല്ലാം ഈ ടെണ്ടർ കിട്ടി എന്നും എന്നൊക്കെയാണ് എന്നും അറിയിക്കുമോ; ഓരോരുത്തരും കൊട്ട് ചെയ്ത തുക എത്ര;

(ഡി) ടെണ്ടർ വ്യവസ്ഥ പാലിക്കുവാനുള്ള സംവിധാനം ഇവരിൽ ആർക്കെല്ലാം ഉണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മോട്ടോർ വാഹന വകുപ്പിൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകളും സ്മാർട്ട് ഒപ്റ്റിക്കൽ കാർഡ് രൂപത്തിലും ഡ്രൈവിംഗ് ലൈസൻസുകളും സ്മാർട്ട് കാർഡ് രൂപത്തിലും ബി.ഒ.ടി. (ബിൽഡ് ഓൺ ഓപ്പറേറ്റ്) അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള ടെണ്ടറുകളും താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി ക്ഷണിച്ചിട്ടുണ്ട്:

(1) തിരഞ്ഞെടുക്കപ്പെടുന്ന സ്ഥാപനത്തിന് സംസ്ഥാനമൊട്ടാകെ മേൽപ്പടി പദ്ധതി നടപ്പിലാക്കുന്നതിന് അഞ്ചുവർഷം കാലാവധിയാണ് നിശ്ചയിച്ചിരിക്കുന്നത്.

(2) സ്ഥാപനങ്ങൾ കമ്പനീസ് ആക്റ്റ് പ്രകാരം ഉള്ളതോ മറ്റു കമ്പനികളുടെ കൺസോർഷ്യമോ അല്ലെങ്കിൽ ജോയിന്റ് വെഞ്ചറോ ആകാം.

(3) കഴിഞ്ഞ മൂന്നു വർഷം സ്ഥാപനങ്ങൾ ഏറ്റവും കുറഞ്ഞത് ഓരോ വർഷവും പത്ത് കോടി വാർഷിക വിറ്റുവരവ് (ആനുവൽ ടേൺ ഓവർ) ഉണ്ടായിരിക്കേണ്ടതാണ്.

(4) ടർഘാസ് അപേക്ഷയോടൊപ്പം പ്രത്യേകം പ്രത്യേകം കവറുകളിൽ ടെക്നിക്കൽ ബിഡും ഫിനാൻഷ്യൽ ബിഡും സമർപ്പിക്കേണ്ടതാണ്.

(5) നിരത ദ്രവ്യമായി ഇരുപത്തിയഞ്ചു ലക്ഷം രൂപയുടെ ഡിമാൻറ് ഡ്രാഫ്റ്റ് ട്രാൻസ്പോർട്ട് കമ്മീഷണറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന തരത്തിൽ എടുത്ത് ടെണ്ടർ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

(ബി) അഞ്ചു സ്ഥാപനങ്ങളിൽനിന്നും അപേക്ഷ ലഭിച്ചു.

LIBRARY ARCHIVES Kerala Legislative Assembly